**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3781** **12-03-2025 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി, വൈക്കോൽ വിതരണ പദ്ധതി, ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി, ക്ഷീരസംഘങ്ങൾക്കുള്ള കാലിത്തീറ്റ ധന സഹായ പദ്ധതി, ഗ്രാമീണ വിജ്ഞാപന പ്രവർത്തനങ്ങൾ, ഉപദേശക സേവനങ്ങൾ എന്നിവ കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതികളായ പാലിന് സബ്സിഡി, കാലിത്തീറ്റ സബ്സിഡി, ക്ഷീരകർഷകർക്കുള്ള ക്ഷേമനിധി പ്രവർത്തനങ്ങൾ എന്നിവ നടപ്പു സാമ്പത്തിക വർഷത്തിൽ ക്ഷീരവികസനവകുപ്പ് മുഖേന കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട് |
| (ബി) | കോതമംഗലം ബ്ലോക്കിൽ ഒരു ക്ഷീരവികസന സർവ്വീസ് യൂണിറ്റ് കൂടി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കോതമംഗലം ബ്ലോക്കിൽ ഒരു ക്ഷീരവികസന സർവ്വീസ് യൂണിറ്റ് കൂടി ആരംഭിക്കുന്നതിനുള്ള ശിപാർശ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ